പ്രകാശവചനം ● **അബൂദർറ് എടയൂർ**

# ലൈലത്തുൽ ഖദ്ർ എന്ന അനുഗൃഹീത രാവ്

عَنْ عَائشة رَضِيَ اللَّهُ عَنْهَا، قَالَتْ: كَانَ النَّبِيُّ ﷺ إِذَا دَخَلَ العَشْرُ شَدَّ مِئْزَرَه، وَأَحْيَا لَيْلَه، وَأَيْقَظَ أَهْلَه

ആഇശ(റ)യിൽ നിന്ന് നിവേദനം. (റമദാനിലെ അവസാനത്തെ) പത്ത് സമാഗതമായാൽ പ്രവാചകൻ മു മുറുക്കിയുടുക്കുകയും രാത്രി സജീവമാക്കുകയും കുടുംബത്തെ വിളിച്ചുണർത്തുകയും ചെയ്യുമായിരുന്നു (ബുഖാരി).

റമദാനിന്റെ ഡയറിക്കുറിപ്പിൽ ശ്രദ്ധേയമായ പരാമർശം നേടാൻ ആഗ്രഹിക്കുന്നവർക്ക് പ്രവാചകന്റെ മാതൃക തന്നെ ധാരാളം. റമദാനിലെ അവസാന പത്ത് ദിനരാത്രങ്ങൾ എത്രമാത്രം പ്രാധാന്യപൂർവം പരിഗണിക്കണമെന്ന് അവിടുന്ന് പ്രവൃത്തിയിലൂടെ വ്യക്തമാക്കി. അതിൽ ഇബാദത്തുകൾക്കായി കച്ചകെട്ടിയിറങ്ങിയ പ്രവാചകൻ, കുടുംബാംഗങ്ങളെയും അതിൽ പങ്കാളികളാക്കിയിരുന്നുവെന്ന് ഉപരിസൂചിത ഹദീസ് പഠിപ്പിക്കുന്നു. നബി(സ)യിൽ നിന്ന് പഠിക്കുന്ന കാര്യങ്ങൾ കുടുംബത്തെ പഠിപ്പിക്കുകയും അവരെയും സ്വർഗാവകാശികളാകാൻ പ്രേരിപ്പിക്കുകയും ചെയ്യുക സ്വഹാബികളുടെയും ശീലമായിരുന്നു. ഇഅ്തികാഫ്, നമസ്കാരം, ഖുർആൻ പാരായണം, പ്രാർഥന, ദിക്റുകൾ, ദാനധർമം തുടങ്ങിയവയിലൂടെ ആ ദിനരാത്രങ്ങൾ സജീവമാക്കിയാൽ ലഭിക്കാനിരിക്കുന്ന പ്രതിഫലം അനിർവചനീയമത്രെ.

ലൈലത്തുൽ ഖദ്റാണ് അവസാനപത്തിന്റെ ശ്രേഷ്ഠതകളിൽ മുഖ്യമായത്. നിർണയം, മഹത്വം എന്നീ അർഥങ്ങളുള്ള പദമാണ് ഖദ്ർ. അതിനാൽ നിർണയത്തിന്റെ രാവ്, മഹത്വത്തിന്റെ രാവ് എന്നിങ്ങനെ ലൈലത്തുൽ ഖദ്ർ വ്യാഖ്യാനിക്കപ്പെടുന്നു. സകലകാര്യങ്ങളും അല്ലാഹു നേരത്തെ തീരുമാനിച്ചിട്ടുണ്ടെങ്കിലും ഒരുവർഷം നടപ്പാക്കാൻ പോകുന്ന കാര്യങ്ങൾ നിയുക്ത മലക്കുകൾക്ക് വെളിപ്പെടുത്തിക്കൊടുക്കുകയും അവയുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങൾ നിർവഹിക്കാൻ അവർക്ക് ആജ്ഞ നൽകുകയും ചെയ്യുന്ന സന്ദർഭമായതുകൊണ്ടാണ് നിർണയത്തിന്റെ രാവ് എന്ന് വിളിക്കപ്പെടുന്നത് (ശറഹുമുസ്‌ലിം).

മഹത്വത്തിന്റെ രാവ് എന്ന വ്യാഖ്യാനത്തിന്റെ ഔചിത്യം സുപരിചിതമാണല്ലോ. ഖുർആന്റെ അവതരണമാണ് ആ മഹത്വത്തിന് ആധാരം. അതിനാൽ അന്ന് ആരാധനകൾക്ക് വലിയ സ്ഥാനവും കൂടുതൽ പ്രതിഫലവും ലഭിക്കുന്നു. ഖുർആനിന്റെ ആളുകളാകാൻ പ്രയത്നിക്കുന്നവരെ നേരിൽ കാണാൻ ജിബ്‌രീലിന്റെ നേതൃത്വത്തിൽ മാലാഖമാരുടെ ദൗത്യസംഘം ഭൂമിയിൽ സന്ദർശനം നടത്തുന്ന ആ ദിനം മനുഷ്യജീവിതത്തിലെ ആയിരക്കണക്കിന് മാസങ്ങളേക്കാൾ മഹനീയമാണെന്ന് ഖുർആൻ. അന്ന് ആ മാലാഖമാരുടെ ഗുഡ് സർട്ടിഫിക്കറ്റ് കിട്ടുന്നതിനേക്കാൾ വലിയ സൗഭാഗ്യം വേറെയുണ്ടോ?

ലൈലത്തുൽ ഖദ്ർ എന്നാണെന്ന് കൃത്യമായി പ്രവാചകൻ പഠിപ്പിച്ചിട്ടില്ല. എന്നാൽ, മിക്ക ഹദീസുകളും, റമദാനിലെ അവസാനത്തെ പത്തിലെ ഒറ്റയൊറ്റ രാവുകളിലാണ് അതെന്ന കാര്യത്തിൽ ഏകോപിച്ചിരിക്കുന്നു. നബി(സ) പറഞ്ഞു: "റമദാനിന്റെ അവസാന ദിനങ്ങളിലെ രാവുകളിൽ നിങ്ങളതിനെ പ്രതീക്ഷിച്ചുകൊള്ളുക" (ബുഖാരി).

അവസാനത്തെ ഏഴ് ദിനങ്ങളിലാണെന്നും ഹദീസുകളിൽ കാണാം. ഇബ്നു ഉമറിൽ നിന്ന് നിവേദനം: "റമദാനിലെ അവസാനത്തെ ഏഴ് നാളുകളിൽ നബി(സ)യുടെ സഖാക്കൾ സ്വപ്നത്തിൽ ലൈലതുൽ ഖദ്ർ ദർശിക്കുകയുണ്ടായി. അപ്പോൾ നബി(സ) പറഞ്ഞു: 'നിങ്ങളുടെ സ്വപ്നത്തിന്റെ വ്യാഖ്യാനം സൂചിപ്പിക്കുന്നത് ലൈലത്തുൽ ഖദ്ർ അവസാനത്തെ ഏഴ് രാവുകളിലായിരിക്കുമെന്നാണ്. നിങ്ങളിൽ ആരെങ്കിലും അത് കരസ്ഥമാക്കാനുദ്ദേശിക്കുന്നുവെങ്കിൽ അവസാനത്തെ ഏഴ് ദിവസങ്ങളിൽ അന്വേഷിച്ചുകൊള്ളുക" (ബുഖാരി, മുസ്‌ലിം).

ലൈലത്തുൽ ഖദ്ർ ഏത് ദിവസമാണെന്ന് കൃത്യമായി അറിയാൻ സാധിച്ചാൽ ആളുകൾ അന്ന് മാത്രം ഇബാദത്തുകളിൽ പ്രത്യേക ശ്രദ്ധ ചെലുത്തും. എന്നാൽ അറിയില്ലെങ്കിലോ, അതിനെ കുറിച്ച പ്രതീക്ഷയാൽ എല്ലാ ദിവസവും ഇബാദത്തുകളിൽ സജീവമാകും. അതാണ് പ്രവാചക മാതൃക. അത് സത്യവിശ്വാസികൾക്ക് കൂടുതൽ ഗുണകരമായി ഭവിക്കും. അതിനാലായിരിക്കാം അക്കാര്യം ഗോപ്യമാക്കി വെച്ചത്.

അതേസമയം, 27 ാം രാവിലാണ് അതെന്ന് ചിലർ ഉറപ്പിച്ച് വെച്ചിരിക്കുന്നു. അതിനാൽ അതിന്റെ മുമ്പുള്ള പകലിൽ ദാനധർമങ്ങളിലും ആ രാവിൽ പ്രത്യേക പ്രാർഥനകളിലും ജനങ്ങൾ മുഴുകുന്നത് നാം കാണുന്നു. എന്നാൽ ഇമാം നവവി പറയുന്നു: 27 ാം രാവ് എന്നത് ഒരു അഭിപ്രായമാണ്. ബഹുഭൂരിപക്ഷം പണ്ഡിതന്മാരും അവസാനത്തെ പത്തിലെ ഒരു അവ്യക്ത രാത്രിയാണ് അതെന്നും അവയിൽ ഏറ്റവും പ്രതീക്ഷാർഹമായത് ഒറ്റയായ രാത്രികളാണെന്നും അവയിൽ തന്നെ കൂടുതൽ പ്രതീക്ഷാ യോഗ്യമായത് 21,23,27 എന്നീ രാത്രികളാണെന്നും അഭിപ്രായപ്പെടുന്നു (ശറഹു മുസ്‌ലിം).

സൂറത്തുൽ ഖദ്റിലെ പദങ്ങളുടെയോ ലൈലത്തുൽ ഖദ്ർ എന്ന വാക്കിലെ അക്ഷരങ്ങളുടെയോ എണ്ണത്തെ അടിസ്ഥാനമാക്കി അത് 27-ാം രാവിലാണെന്ന് ചിലർ വാദിക്കുന്നു. യഥാർഥത്തിൽ ഇതെല്ലാം ചില നിഗമനങ്ങൾ മാത്രമാണ്. അനവധി അഭിപ്രായങ്ങൾ ഇവ്വിഷയകമായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഓരോരുത്തർക്കും അവരുടേതായ ന്യായങ്ങളുമുണ്ട് (ഫത്ഹുൽബാരി നോക്കുക). അവയുടെയെല്ലാം രത്നച്ചുരുക്കം ഇതാണ്: റമദാനിലുടനീളം ലൈലത്തുൽ ഖദ്റിനെ പ്രതീക്ഷിക്കണം. അവസാനത്തെ പത്തിൽ വിശേഷിച്ചും; അതിലെ തന്നെ ഒറ്റയൊറ്റ രാവുകളിൽ ധാരാളമായും. ■